# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:758      13.06.2012 - ൽ മറുപടിക്ക്

### കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം കുടിവെള്ള ക്ഷാമം നേരിടുന്നതനിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ_; | (എ) കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>• ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>• കേടായ പമ്പ് സെറ്റു കളുടെ അറ്റകുറ്റപണികൾ<br>• പമ്പ് സെറ്റുകൾ മാറ്റി വയ്ക്കുന്ന പണികൾ,<br>• വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>• സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>• തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക.<br>• ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക. |

- കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക
- പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നൽകുക മുതലായവ.

| | | | |
|---|---|---|---|
| (ബി) | വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തികൾ കുടിവെള്ള പദ്ധതിയ്ക്കായി നടപ്പാക്കുകയുണ്ടായി ; | (ബി) | 2011-12 കാലഘട്ടത്തിൽ വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പൈപ്പുകളുടെ അറ്റകുറ്റ പണികൾക്കായി 34.86 കോടി രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| സി | പല കുടിവെള്ള സ്രോതസ്സുകളും മലിനമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | പല കുടിവെള്ള സ്രോതസ്സുകളും മലിനമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരം കാണുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചുവരുന്നു. മഴക്കാലങ്ങളിൽ തടയണകൾ നിർമ്മിക്കുന്നത് വഴി വേനൽക്കാലത്ത് ഉണ്ടായേക്കാവുന്ന ക്ഷാരത ഒഴിവാക്കാൻ കഴിയുന്നു. ജലശുദ്ധീകരണത്തിനായുള്ള ആലം ലൈം അനുപാതം കൂട്ടുന്നു. ഫിൽട്ടർ ഹൗസുകളിൽ ബാക്ക് വാഷിംഗ് കൃത്യമായി ചെയ്യുന്നു. കൂടാതെ പമ്പിംഗ് സ്റ്റേഷനുകളിലും വിതരണ ലൈനുകളിലും, കൃത്യമായ ഗുണനിലവാര പരിശോധന ചെയ്ത് കുടി വെള്ളത്തിന്റെ ഗുണനില വാരം ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ